

കലാ-ചരിത്ര പ്രദർശനം







March With Us.....
We Will Lead You
To Prosperity



THE
FEDERAL BANK
LIMITED
Regd. Office: Alwaye. Kerala.

DHARMARAM COLLEGE
LIBRARY
BANGALORE-29

വടവാതൂർ സെമിനാരിയുടെ രജത ജൂബിലിയോടനുബന്ധിച്ചുള്ള കലാ-ചരിത്ര പ്രദർശനം

ജീവൻ തുടിക്കുന്ന ഓർമ്മ

ചരിത്രം മനുഷ്യസംസ്ക്കാരത്തിന്റെ ഓർമ്മയാണ്.
അർത്ഥവത്തായി ഇന്നു ജീവിക്കാൻ അത്യന്താപേക്ഷിതമായ ഇന്നലെകളുടെ ഓർമ്മ.
മാനവമൂല്യങ്ങളുടെ ശോഭ തലമുറകൾക്ക് പകർന്നുകൊടുക്കുന്ന ചരിത്രം—
സർവ കലകളും ആ ഓർമ്മയിലൂടെ പുനർജീവിക്കുന്നു.
ഓർമ്മ പുതുക്കൽ പ്രസക്തമാണെന്നു പറയാൻ മറെറന്തു കാരണം വേണം?
കലാചരിത്ര പ്രദർശനം—
കല ചരിത്രത്തിന്റെ അദ്യേഘടകമാണ്.
ചരിത്രവും ഭൂതത്തിലും വർത്തമാനകാലത്തിലും ജീവിക്കുന്ന കലയും ഒരേ വേദിയിൽ ആവിഷ്ക്കരിക്കപ്പെടുന്നു.

വൈവിധ്യമാർന്ന മാതൃഭൂമി

വിശ്വോത്തരമായ സംസ്ക്കാരത്തിന് ജൻമ്മമരുളിയ നാടാണ് ഭാരതം.
വൈവിധ്യം സുന്ദരശാഖകളം വിരിച്ച് പൂവണിഞ്ഞ നിസ്തുല സംസ്കാരകേന്ദ്രം.
എണ്ണമറെറകലകളുടെ പുണ്യക്ഷേത്രമാണീ രാജ്യം.
വിവിധ ഭാഷകളുള്ള രാജ്യം; വിവിധ മതങ്ങളുള്ള രാജ്യം.
നാനാത്വത്തിലെ ഏകത്വത്തെ നെഹ്രുവിനെപ്പോലെയുള്ള മഹാൻമാർ പാടി പുകഴ്ത്തി.
സുഗന്ധദ്രവ്യങ്ങളുടെ പരിമളം വിദേശികളെ ഇങ്ങോട്ടാകർഷിച്ചു.
യഹൂദർ, അറബികൾ, ബാബിലോണിയക്കാർ, അസ്സീറിയക്കാർ ഫിനീഷ്യർ, ഗ്രീക്കുകാർ, ചൈനക്കാർ, റോമാക്കാർ...
ഭാരതം എല്ലാവരേയും സ്വാഗതം ചെയ്തു.

സാംസ്കാരിക സിരാകേന്ദ്രമായ കോട്ടയത്ത്
വസ്ത്രങ്ങളുടെ പുതിയ സിംഫണി...



വസ്ത്രവ്യാപാര രംഗത്ത് അനേകംവർഷത്തെ സേവന പാരമ്പര്യമുള്ള കേരളത്തിലെ പ്രമുഖ വസ്ത്രവ്യാപാരികളായ പുളിമൂട്ടിൽ സിൽക്ക് ഹൗസ് തൊടുപുഴ, കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് അണിയിച്ചൊരുക്കിയിരിക്കുന്ന പുതിയ ഷോറൂമിലേക്ക് ഏവർക്കും സ്വാഗതം

പുളിമൂട്ടിൽ സിൽക്ക് ഹൗസ്

കെ.കെ.റോഡ് - കോട്ടയം

KPB

പുതിയ ചരിത്രം

യഹൂദരും ഭാരതീയരും തമ്മിലുള്ള വാണിജ്യബന്ധം
ശക്തമായിരുന്ന കാലം.
യഹൂദസംസ്ക്കാരം ചുവടുറപ്പിച്ചിരുന്ന ഭാരതതീരത്ത്
സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സന്ദേശവുമായി
ഒരു യഹൂദനെത്തി—തോമ്മാശ്ലീഹ.
മിശിഹായുടെ സുവിശേഷ ദീപവുമായി ഭാരതത്തിലെത്തിയ
തോമ്മാശ്ലീഹ
പുതിയൊരു ചരിത്രഗതിക്കു തുടക്കമിട്ടു.
ഭാരതം ക്രൈസ്തവസന്ദേശം സ്വീകരിച്ചു.
ഭാരതസംസ്ക്കാരത്തിന്റെ പശ്ചാത്തലത്തിൽ ഭാരതസഭ
ജന്മംകൊണ്ടു.
തികച്ചും ഭാരതീയമായിതന്നെയാണ് ആ സഭ വളർന്നു വന്നത്.


വിശ്വമതങ്ങളുടെ സംഗമഭൂമി

വിശ്വമതങ്ങളുടെ ഈറ്റില്ലമാണ് ഏഷ്യ.
ഏഷ്യൻ മതങ്ങളും ഭാരതത്തിൽ സൗഹൃദത്തോടെ പുലർന്നു.
ഏഷ്യൻ മതമായ ക്രിസ്തുമതം വൈദേശികമാണെന്ന് ഭാരതം
കരുതിയില്ല.
അടുത്തടുത്ത് സ്ഥിതിചെയ്തിരുന്ന ബുദ്ധവിഹാരങ്ങളും
ജൈനക്ഷേത്രങ്ങളും ഹൈന്ദവക്ഷേത്രങ്ങളും മോസ്ക്കുകളും
ക്രൈസ്തവ ദൈവാലയങ്ങളും യഹൂദ സിനഗോഗുകളും
മതസഹിഷ്ണുതയുടേയും സ്നേഹത്തിന്റെയും
പ്രതീകങ്ങളായിരുന്നു.
ആ ക്ഷേത്രങ്ങളിൽ ഏതെങ്കിലുമൊന്ന് അന്യമാണെന്നോ,
വൈദേശികമാണെന്നോ കരുതാൻ ഭാരതാംബികയ്ക്കു
കഴിയുമായിരുന്നില്ല.

തോമ്മാശ്ലീഹായുടെ ആരാധനക്രമം


ക്രൈസ്തവദൈവാലയങ്ങളും വാസ്തുശില്പരീതിയിൽ മറ്റു
ക്ഷേത്രങ്ങളുംപോലെ തന്നെയായിരുന്നു.
എന്നാൽ ഈ ദൈവാലയങ്ങളിൽ അനുഷ്ഠിക്കപ്പെട്ടിരുന്ന
ആരാധന ക്രമം മാർതോമ്മാശ്ലീഹായുടെ പാരമ്പര്യത്തിൽ
നിന്നുയിർകൊണ്ട ഒന്നായിരുന്നു.
തോമ്മാശ്ലീഹായുടെ പ്രഘോഷണത്തിന്റെ അന്തസ്സത്ത
ഉൾക്കൊള്ളുന്ന ആരാധനക്രമം.
ഭാരതസഭ, എദേസ്സാസഭ, സെലൂഷ്യ—സ്റ്റെസിഫൺ സഭ,
പേർഷ്യൻ സഭ—ഈ നാലു സഭകളും പൊതുപിതാവായി
തോമ്മാശ്ലീഹായെ വണങ്ങുന്നു.

Best Compliments from



Phone: 3631

ROYAL COFFEE WORKS



NAGAMPADAM :: KOTTAYAM.

സഭാ പണ്ഡിതൻമാരുടെ കേന്ദ്രമായ എദേസ്സയിൽ ഈ നാലു സഭകളുടെയും പൊതുവായ ആരാധനക്രമം രൂപമെടുത്തു. ഭാരതത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളും പൊതുപൈതൃകമായ ഈ ആരാധനക്രമം സ്വീകരിച്ചു.
പതിനേഴാം നൂറ്റാണ്ടിൽ അന്ത്യോക്യൻ ആരാധനക്രമമെത്തിയപ്പോഴും മാർത്തോമ്മാക്രിസ്ത്യാനികളിൽ ഒരുവിഭാഗം തോമ്മാശ്ലീഹായുടെ പാരമ്പര്യമുള്ള ആരാധനക്രമം ഉപേക്ഷിച്ച് അന്ത്യോക്യൻ ആരാധനക്രമം സ്വീകരിച്ചു...ഇങ്ങനെ പുതിയ ആരാധനക്രമം സ്വീകരിച്ചവരാണ് പുത്തൻകുറുകാർ.
തോമ്മാശ്ലീഹായുടെ പാരമ്പര്യത്തിലുള്ള ആരാധനക്രമം തുടർന്നവർ പഴയകുറുകാരും. ഈ ആരാധനക്രമത്തിൽ ഭാരതസംസ്കാരത്തിനിണങ്ങുന്ന അനുരൂപണങ്ങളും സ്വാഭാവികമായി ഉൾച്ചേർന്നിട്ടുണ്ട്.

ആദിമസഭാസമൂഹങ്ങൾ

ദൈവാലയങ്ങളെ കേന്ദ്രീകരിച്ച് സഭാ സമൂഹങ്ങളും വളർന്നു. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, കോട്ടക്കാവ്, കൊക്കമംഗലം, ചായൽ, നിരണം, കൊല്ലം എന്നിങ്ങനെ ഏഴു സ്ഥലങ്ങളിലാണ് ആദ്യസമൂഹങ്ങളും കരുത്താർജ്ജിച്ചത്. A. D. 72 ജൂലൈ 3—ാം തീയതി മൈലാപ്പൂരിലെ ചിന്നമലയിൽ തോമാശ്ലീഹാ രക്തസാക്ഷിമകുടമണിഞ്ഞു.
ശ്ലീഹായുടെ ചുടുനിണമൊഴുകിയ പുണ്യഭൂമിയിൽ ഭാരതമക്കൾ വിശ്വാസവെളിച്ചം സ്വീകരിച്ച് ഉയിർത്തെഴുന്നേറ്റു.
ഹൈന്ദവ, ജൈന, ബുദ്ധ, യഹൂദ സഹോദരങ്ങളുടെയിടയിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ വികാസപരിണാമത്തെ സ്വാധീനിച്ച മറ്റൊരു സംഭവമായിരുന്നു ക്നായി തോമ്മായുടെ നേതൃത്വത്തിൽ പേർഷ്യയിൽനിന്നും ക്രൈസ്തവ കുടിയേറ്റക്കാർ കൊടുങ്ങല്ലൂരിൽ എത്തിയത്.

കഥ പറയുന്ന നാലുകെട്ടുകൾ

കഴിഞ്ഞ ഇരുപതോളം നൂറ്റാണ്ടുകളിൽ ഭാരതത്തിന്റെ ജീവിത ശൈലിയെ നിർണ്ണായകമായി സ്വാധീനിച്ചിരുന്ന ഘടകങ്ങളിൽ പ്രധാനം ഹൈന്ദവസംസ്ക്കാരമാണ്.—അവിസ്മരണീയമായ സ്വാധീനം മറ്റു മതസംസ്ക്കാരങ്ങളിൽനിന്നും ഉണ്ടായിട്ടുണ്ട്. ഹൈന്ദവസംസ്കാര ധാരയോട് ഏകീഭവിച്ച ഒരു ജീവിത ശൈലിയായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികളുടേതും. ജനനം, വിവാഹം, മരണം ഇവയോടനുബന്ധിച്ച് ബ്രാഹ്മണരുടെ ഇടയിൽ നിലനിന്നിരുന്ന പല ആചാരങ്ങളും മാർത്തോമ്മാക്രിസ്ത്യാനികളും സ്വീകരിച്ചു.
ആചാരങ്ങളിലും ജീവിതശൈലിയിലുമെന്നതുപോലെ വാസ്തു

It's Superb...!!
colour processing
SPEED WITH POWER



Best Compliments of

Victory Press & Sales Depot

Quality Printers and Paper Merchants.

Phone: 4120 Res: 2057, 4799

എല്ലാവിധ പ്രിൻറിംഗ് ബ്ലോക്കുകൾക്കും

സമീപിക്കുക:

ആർട്ടോൺ പ്രോസസ്

ഗുഡ്ഷെപ്പേഡ് പ്രസ് ബിൽഡിംഗ്സ്.

കോട്ടയം–1. ഫോൺ: 2705

എല്ലാവിധ തടികളും മിതമായ വിലയ്ക്ക് വില്ക്കപ്പെടുന്ന കോട്ടയത്തെ ഒരു പ്രമുഖ സ്ഥാപനം.

Phone: 3360 Res: 8443

P. J. Timbers & Saw Mills

Near Civil Station, Kottayam.

ശീല്പത്തിലും നിലവിലിരുന്ന ഹൈന്ദവ രീതികൾ തന്നെയാണ് ക്രിസ്ത്യാനികളും അവലംബിച്ചത്.
തച്ചുശാസ്ത്ര സംഹിതകളായ വാസ്തുവിദ്യ, തന്ത്രസമുച്ചയം, മനുഷ്യാലയചന്ദ്രിക, ശില്പരത്ന തുടങ്ങിയവയിൽ അധിഷ്ഠിതമായി ദൈവാലയങ്ങളും വീടുകളും അവർ പണികഴിപ്പിച്ചു.
അതിന്റെ ഫലമത്രേ ഹൈന്ദവക്ഷേത്ര മാതൃകയിലുള്ള ക്രൈസ്തവ ദൈവാലയങ്ങളും നാലുകെട്ടു മാതൃകയിലുള്ള ക്രൈസ്തവ തറവാടുകളും.

സുഗന്ധദ്രവ്യങ്ങൾ തേടിയെത്തിയവർ

ഭാരതം സുഗന്ധദ്രവ്യങ്ങൾക്കു പ്രശസ്തിയാർജ്ജിച്ചിരുന്ന നാടാണ്.
സുഗന്ധദ്രവ്യവാണിജ്യം ആദ്യം യഹൂദരുടെയും പിന്നീട് അറബികളുടെയും കുത്തകയായിരുന്നു—ഈ വാണിജ്യകുത്തക സ്വന്തമാക്കാനാണ് പോർട്ടുഗീസുകാർ ആഫ്രിക്കൻ വൻകരചുറ്റി ഭാരതത്തിലെത്തിയത്.
1498—ൽ വാസ്കോഡിഗാമ കോഴിക്കോട്ട് കപ്പലിറങ്ങി.
ഭാരതത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലും സാമൂഹ്യചരിത്രത്തിലും പുതിയൊരു വഴിത്തിരിവ് കുറിച്ച സംഭവമായിരുന്നു ഇത്.
വ്യാപാരത്തിനായി വന്ന പാശ്ചാത്യർ അധികാരമോഹത്തോടെ ഭാരതത്തെ പിടിച്ചടക്കാൻ ശ്രമിച്ചു.

ഫ്രാൻസിസ് സേവ്യർ

മിഷൻ പ്രവർത്തനത്തിനെത്തിയ ക്രൈസ്തവ സഹോദരൻമാരെ ഭാരതക്രൈസ്തവർ സസന്തോഷം സ്വാഗതംചെയ്തു.
'പത്രോസിന്റെ മാർഗ്ഗ'വും 'തോമ്മായുടെ മാർഗ്ഗ'വും തമ്മിലുള്ള കണ്ടുമുട്ടൽ.
പതിനാറാം നൂറ്റാണ്ടിൽ മിശിഹായുടെ സ്നേഹപ്രവാചകനായി വി. ഫ്രാൻസിസ് സേവ്യർ ഭാരതത്തിലെത്തി. വിശുദ്ധന്റെ പ്രേഷിതചൈതന്യവും സ്നേഹവും അനേകായിരങ്ങളെ ക്രിസ്തുവിലേക്കടുപ്പിക്കാൻ ഹേതുവായി.
ധീരപ്രേഷിതനായിരുന്നു വി. ഫ്രാൻസിസ് സേവ്യർ.
ക്രൈസ്തവ വിശ്വാസം സ്വീകരിച്ചിരുന്നവരിൽ ആ ദീപശിഖ ആളിക്കത്തിക്കാൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കു സാധിച്ചു.
വിശ്വാസപ്രബോധനത്തിൽ മാത്രമല്ല മിഷനറിമാർ ശ്രദ്ധവച്ചിരുന്നത്.
മലയാളഭാഷയുടെ വളർച്ചയ്ക്കുവേണ്ടി അവർ അത്യദ്ധ്വാനം ചെയ്തു.

With Best Compliments From

Phone: Shop: 2840
Res: 4820

ആലപ്പാട്ട് ജ്വല്ലറി

കോട്ടയം.

Phone: 2882
Res: 4411

EEPPI ELECTRICALS

M. C. ROAD, KOTTAYAM-686 001,

Authorised Dealers

Bajaj Fans And Appliances
Finolese Cables, Remson
Water Heaters etc. etc.

Compliments from

Phone: 5580

K. P. M. S. Travels

Central Junction,
KOTTAYAM.
— The Tourist Bus Operators —

ഭാരതത്തിൽ ശാസ്ത്രീയമായ വിദ്യാഭ്യാസരംഗത്ത് കാര്യമായ സംഭാവനകൾ നൽകിയവരിൽ പലരും പാശ്ചാത്യരാണെന്നതിൽ തർക്കമില്ല.

സൗഹാർദ്ദം സംഘർഷമാകുന്നു

വ്യത്യസ്ത ശൈഹികസഭകളിൽ വ്യത്യസ്ത പാരമ്പര്യങ്ങളുണ്ട് എന്ന തത്ത്വം തിരസ്കൃതമായി. പാശ്ചാത്യസഭയ്ക്കു പരിചിതമല്ലാതിരുന്ന പാരമ്പര്യങ്ങളും ആചാരങ്ങളും അബദ്ധങ്ങളും അന്ധവിശ്വാസങ്ങളുമാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. മാർത്തോമ്മാക്രിസ്ത്യാനികളെ 'സത്യവിശ്വാസികളാ'ക്കാനുള്ള ശ്രമങ്ങൾ!

അടിച്ചേല്പിക്കപ്പെട്ട മേല്ക്കോയ്മ

ഉദയമ്പേരൂർ സൂനഹദോസ്.
ഒരു ശൈഹികസഭയുടെ സഭാജീവിതശൈലികൾ പൊളിച്ചെഴുതിയതിന്റെ പ്രതീകം. 1599—ൽ ഗോവാ മെത്രാപ്പോലീത്ത ഡോംമെനേസിസ് ഉദയമ്പേരൂരിൽ വിളിച്ചുകൂട്ടിയ സൂനഹദോസാണ് ഭാരതസഭാമക്കളുടെ സ്വാതന്ത്ര്യത്തെ ഹനിച്ചത്.
ഉദയമ്പേരൂർ സൂനഹദോസ് അസാധുവായിരുന്നു—കാരണങ്ങൾ
—സൂനഹദോസ് വിളിച്ചുകൂട്ടാൻ മെനേസിസിന് അധികാരമില്ലായിരുന്നു.
—ഇപ്രകാരമൊരു സൂനഹദോസ് വിളിച്ചുകൂട്ടാൻ വ്യക്തമായ ഉദ്ദേശ്യമില്ലായിരുന്നു.
—സൂനഹദോസ് നടത്തിയ രീതിയിൽ കാതലായ ക്രമക്കേടുകളുണ്ടായിരുന്നു.
—കൗൺസിൽ നിശ്ചയങ്ങളിൽത്തന്നെ കാതലായ വ്യത്യാസങ്ങളുണ്ട്.
മാർത്തോമ്മാ മാർഗ്ഗത്തിനേറ്റ അശനിപാതമായിരുന്നു ഈ സൂനഹദോസ്.
(പാശ്ചാത്യ സംസ്കാരസ്വാധീനം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാജീവിതത്തെ അടുക്കും ചിട്ടയുമുള്ളതാക്കാൻ കുറെയൊക്കെ സഹായിച്ചു എന്നത് ഈ സൂനഹദോസിന്റെ നേട്ടമാണെന്ന കാര്യം വിസ്മരിക്കുന്നില്ല.)
അമൂല്യങ്ങളായ അനവധി ചരിത്രരേഖകളും വിലപിടിച്ച ഗ്രന്ഥങ്ങളും ഒരു ജനപദത്തിന്റെ അഭിമാനകരമായ പല സജീവ പാരമ്പര്യങ്ങളും പോർട്ടുഗീസ്കാർ അഗ്നിക്കിരയാക്കി.
സൂനഹദോസിന്റെ പ്രധാനഫലങ്ങൾ താഴെപ്പറയുന്നവയാണ്:

Phone: No. 2319 Res: 4957

SWAMY ELECTRICALS

LICENCED WIRING CONTRACTORS

DEALERS IN: Electrical goods, Pumpsets & Motors,

Fans, Home appliances & Industrial items etc.

TEMPLE ROAD, KOTTAYAM.

With Best Compliments Phone: 5155

VARIKADE PAPER STORES

[DEALERS IN PAPER, & BOARDS]

KOTTAYAM.

എല്ലാവിധ സ്റ്റേഷനറി സാധനങ്ങളും, നോട്ടുബുക്കുകളും
മൊത്തമായും ചില്ലറയായും മിതമായനിരക്കിൽ
വിൽക്കുന്ന ഏകസ്ഥാപനം

പ്രീതി സ്റ്റോഴ്സ്

എം. എൽ. റോഡ്, കോട്ടയം.
Phone: 4782

സഹോദരീ സ്ഥാപനം:

കുന്നംകുളം സ്റ്റേഷനറി

മുനി: ഷോപ്പിംഗ് കോംപ്ലക്സ്
Room No. 27, പാലാ.
Phone: 2269

—പദ്രുവാദോ മലങ്കരയിൽ നടപ്പിൽ വരുത്തി.
—മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻഭരണത്തിൻ കീഴിലായി.
—അങ്കമാലി അതിരൂപതയെ ഗോവയുടെ സാമന്തരൂപതയാക്കി തരംതാഴ്ത്തി.
—ആരാധനക്രമത്തിന്റെ ലത്തിനീകരണം.
—മലബാർ സഭയുടെ ഭരണക്രമം വികലമായി.

കൂനൻ കുരിശ്

1653, ജനുവരി 3. വെള്ളിയാഴ്ച!
സഭാഭരണരംഗത്തെ വിദേശമേൽക്കോയ്മയ്ക്കെതിരെ മാർത്തോമ്മാക്രിസ്ത്യാനികളെ സ്വാതന്ത്ര്യ പ്രഖ്യാപനം ചെയ്ത ദിവസം.
1665ൽ യാക്കോബായ മെത്രാൻ മാർ ഗ്രിഗോറിയോസ് മലങ്കരയിലെത്തി.
ഭിന്നിച്ചുനിന്നവർ യാക്കോബായ സഭയിൽ ചേരുകയും ചെയ്തു.

വർത്തമാനപ്പുസ്തകം

പാറേമ്മാക്കൽ തോമ്മാക്കത്തനാർ രചിച്ച 'വർത്തമാനപ്പുസ്തകം'—ഭാരതീയ ഭാഷകളിലെ പ്രഥമ യാത്രാവിവരണ ഗ്രന്ഥം.
ഭാരതസഭാചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടത്തിന്റെ ചിത്രം ഈ കൃതിയിൽ നമുക്കു കണ്ടെത്താനാകും.

വിമോചിതരാകുന്നു!

സ്വന്തം സഭാ പാരമ്പര്യം അറിയാവുന്ന നാട്ടുമെത്രാൻമാർക്കു വേണ്ടിയുള്ള നിരന്തരമായ അഭ്യർത്ഥനകളും സ്വീകൃതമായതിന്റെ പ്രാരംഭ ലക്ഷണമായിരുന്നു 1887ൽ സുറിയാനിക്കാർക്കായി രണ്ടു വികാരിയാത്തുകളും (കോട്ടയം, തൃശൂർ) സ്ഥാപിതമായത്.
1896—ൽ ചങ്ങനാശേരി, എറണാകുളം, തൃശൂർ എന്നീ വികാരിയാത്തുകളായി കോട്ടയം, തൃശൂർ വികാരിയാത്തുകളെ പുനഃസംഘടിപ്പിച്ചു. നാട്ടുകാരായ മെത്രാൻമാരെ നിയമിക്കുകയും ചെയ്തു. പക്ഷെ നാട്ടുമെത്രാൻമാരെ കിട്ടിയതുകൊണ്ടു മാത്രം പ്രശ്നങ്ങളും പരിഹൃതമായെന്നു പറയാനാവില്ല. മലബാർസഭയുടെ പാരമ്പര്യങ്ങളും സംരക്ഷിക്കാൻവേണ്ടി നിലകൊള്ളുന്ന സഭാനേതൃത്വമാണ് വേണ്ടത്.
പുനരൈക്യ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടത് 1930ലാണ്.

മതസഹിഷ്ണുത സംരക്ഷിക്കപ്പെടുന്നു: വടവാതൂർ സമ്മേളനം

1986ജൂലൈ 21. കേരളത്തിലെ ക്രൈസ്തവ മേലദ്ധ്യക്ഷൻമാർ വടവാതൂർ സെമിനാരിയിൽ ഒരുമിച്ച് സുപ്രധാനമായ ഒരു തീരുമാനമെടുത്തു:—

ജൂബിലി എക്സിബിഷന്

ആശംസകൾ

A WELL WISHER

CIRSI പബ്ലിക്കേഷൻസ് –വടവാതൂർ

ആദ്ധ്യാത്മിക—സാംസ്കാരിക രംഗത്ത് ആഴമായ പഠനങ്ങളും ഉൾക്കൊള്ളുന്ന അമൂല്യ ഗ്രന്ഥങ്ങൾ! ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും സഭാവിജ്ഞാനീയത്തിലും ചരിത്രത്തിലും ബൈബിളും വിജ്ഞാനീയത്തിലും വിശിഷ്ടഗ്രന്ഥങ്ങൾ!! 105 ഈടുറ്റ ഗ്രന്ഥങ്ങൾ!!! രജതജൂബിലി പ്രമാണിച്ച് 30% കിഴിവിൽ നിങ്ങൾക്ക് ഞങ്ങളുടെ പുസ്തകങ്ങളും ലഭ്യമാകുന്നു. കോപ്പികൾക്ക് ആവശ്യപ്പെടുക.

മാനേജർ, ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജസ് സ്റ്റഡീസ്

വടവാതൂർ പി. ഒ., കോട്ടയം—10

Phone: 3702

വീനസ് സ്റ്റുഡിയോ

കെ. കെ. റോഡ്, കോട്ടയം.

Phone: 3594 Res: 4850

എം. സി. ജേക്കബ് & സൺസ്

(സ്ഥാപിതം 1929) കോട്ടയം.

'കണ്ണിന്റെ കൃഷ്ണമണിപോലെ മതസൗഹൃദം കാത്തുസൂക്ഷിക്കും' വ്യത്യസ്ത മതവിശ്വാസികൾക്കിടയിൽ പുലരേണ്ട സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അടയാളമായി നിലയ്ക്കൽ തീർത്ഥകേന്ദ്രം നിലകൊള്ളുന്നു.

സെൻറ് തോമസ് സെമിനാരിയും കലാചരിത്രപ്രദർശനവും

ഭാരതത്തിലെ പൗരസ്ത്യ കത്തോലിക്കാ സഭകളുടെ ആത്മീയ പരിശീലനവേദിയും ഉന്നത പഠന കേന്ദ്രവുമാണ് സെൻറ് തോമസ് സെമിനാരിയും പൗരസ്ത്യ വിദ്യാപീഠവും.

ചരിത്രപ്രസിദ്ധമായ ഒരു പാവനദൗത്യം നിർവഹിക്കാൻ സ്ഥാപിതമായ ഈ വൈദിക പരിശീലനകേന്ദ്രം നൂറ്റാണ്ടുകളോളം പഴക്കമുള്ള ഒരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമാണ്. രണ്ടു സഹസ്രാബ്ദക്കാലം. ഭാരതസംസ്ക്കാരത്തിന്റെ പൈതൃകം പവിത്രമായി പാലിച്ചവരാണ് ഭാരതത്തിലെ മാർത്തോമ്മാക്രിസ്ത്യാനികൾ. പക്ഷേ കാലത്തിന്റെ ഗതിവിഗതികൾ മൂലം കൈമോശംവന്ന പാവനപാരമ്പര്യങ്ങൾ വീണ്ടെടുക്കാനും അത്യുൽകൃഷ്ടമായ പൗരസ്ത്യ സഭാജീവിതശൈലി അതിന്റെ തനിമയിൽ സംരക്ഷിക്കുവാനുമാണ് ഈ സെമിനാരി നിലകൊള്ളുന്നത്. ഭാരതപാരമ്പര്യത്തിന്റെ ശ്രേഷ്ഠതയിലേക്കു വിരൽചൂണ്ടി ആത്മാഭിമാനം വളർത്താൻ സഹായിക്കുക; സഭാചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങൾ ലിപികളിലും ചിത്രങ്ങളിലും ശിലാപങ്ങളിലും പുനരാവിഷ്ക്കരിച്ച് സഭാസ്നേഹം വളർത്തുക—കലാചരിത്ര പ്രദർശനത്തിന്റെ ലക്ഷ്യങ്ങൾ ഇവയാണ്.

വളർച്ചയുടെ പടവുകൾ

1961 ഏപ്രിൽ 9 — സെമിനാരിയുടെ ശിലാസ്ഥാപനം. ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ മാത്യു കാവുകാട്ട് നിർവഹിച്ചു.

1962 ജൂലൈ 3 — സെമിനാരിയുടെ ആശീർവാദം: എറണാകുളം മെത്രാപ്പോലീത്ത മാർ ജോസഫ് പാറേക്കാട്ടിൽ

1965 ജൂൺ 1 — ദൈവശാസ്ത്ര പഠനം ആരംഭിച്ചു.

1968 ഫെബ്രുവരി 25— സെമിനാരിയുടെ ഔദ്യോഗികോദ്ഘാടനവും ചാപ്പലിന്റെ കൂദാശ കർമ്മവും. കർഡിനൽ മാക്സിമില്ല്യൻ ഫുർസ്റ്റൻബർഗ്.

1968 ഡിസംബർ 20 — പ്രഥമബാച്ചിലെ 33 ഡീക്കൻമാർ വൈദികപട്ടം സ്വീകരിച്ചു.

Best Compliments From

VETTOOR CONSTRUCTION ENGINEERS

KOTTAYAM.

JOSCO
FASHION JEWELLERS
KOTTAYAM.
Phone: 2140

സെൻറ്തോമസ് ബുക്ക്സ്റ്റാൾ
അപ്പസ്തോലിക് സെമിനാരി
വടവാതൂർ-686 010 Phone: 8319
ഈടറാ ഗ്രന്ഥങ്ങളുടെ അമൂല്യ ശേഖരം!!
ആധികാരിക ഗ്രന്ഥങ്ങൾ
സഭാചരിത്രം ആരാധനാക്രമം
ദൈവശാസ്ത്രം മതബോധനം
തത്വശാസ്ത്രം ആധ്യാത്മിക ജീവിതം
മനഃശാസ്ത്രം
ആകർഷകമായ കമ്മീഷൻ (20–35%)

1973 ജൂൺ—ദൈവശാസ്ത്ര കോഴ്സ് റോമിലെ പൊന്തിഫിക്കൽ ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ടിനോട് അഫിലിയേറ്റ് ചെയ്തു.

1983 ജൂലൈ 3— പൗരസ്ത്യ വിദ്യാപീഠം സ്ഥാപനം.

1983 ഒക്ടോബർ 26-ഇൻഡ്യൻപ്രസിഡണ്ട് ഗ്യാനിസെയിൽസിംഗ് പൗരസ്ത്യ വിദ്യാപീഠത്തിൻറെ ഔദ്യോഗികോത്ഘാടനം നിർവ്വഹിച്ചു.

1986 തത്ത്വശാസ്ത്ര കോഴ്സിന് അംഗീകാരം.

1986 ജൂലൈ 3 രജതജൂബിലിയാഘോഷങ്ങൾ ആരംഭിച്ചു.

ഡോക്ടറേറ്റുംപ്പെടെയുള്ള ഉന്നതബിരുദങ്ങൾ നല്കാൻ കഴിവുള്ള സ്വതന്ത്ര സർവകലാശാലയാണ് പൗരസ്ത്യ വിദ്യാപീഠം.

പ്രസിദ്ധീകരണങ്ങൾ:

നൂറിലേറെ ഈടുറ്റ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞ OIRSI Publications സെമിനാരിയെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ നേട്ടമാണ്.

ഉന്നതനിലവാരം പുലർത്തുന്ന 'ബൈബിൾഭാഷ്യം' സെമിനാരിയുടെ ഔദ്യോഗിക പ്രസിദ്ധീകരണമാണ്. ക്രിസ്റ്റ്യൻ ഓറിയൻറ്, ദുക്റാന തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെയും പിന്നിൽ പ്രവർത്തിക്കുന്നത് ഇവിടത്തെ അദ്ധ്യാപകർ തന്നെയാണ്.

സാരഥിമാർ

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ (പ്രഥമ റെക്ടർ)	(1962—1969)
ഡോ. ജോസഫ് പള്ളിക്കാപറമ്പിൽ	(1969—1978)
മോൺ. സക്കറിയാസ് വഴപ്പിള്ളി	(1978—1982)
ഡോ. ജോസഫ് കോയിക്കക്കുടി	(1982—)
പൗരസ്ത്യവിദ്യാപീഠം	
പ്രസിഡണ്ട് — ഡോ. മാത്യു വെള്ളാനിക്കൽ	(1983—)

EXHIBITION COMMITTEE

Patron: Dr. J. Koikakudy (Rector)
Director: Dr. Xavier Koodapuzha (Vice President)
Committee: Frs. J. Kottackal, S. Kalacharry, M. Elappanickal, T. Vellilamthadam, Z. Elipulikatt
Students representatives: Fr. M. Kizhakearanjaniyil, M. Panachickal, T. Kochelechengalam

Best Compliments of

MANU PRINTERS

(Near Medical College Hospital)

ARPOOKARA :: GANDHINAGAR

KOTTAYAM—8.

With Best Compliments of

Living Literature Centre

Publishers, Importers & Book Sellers of Christian Lit & Bibles

M. D. Commercial Centre, KOTTAYAM.

Phone: 5262

Best Compliments of

DEEPIKA BOOK HOUSE

Arpana Service Society & Anaswara Printers

Sastri Road, Kottayam-1.

Best Compliments from Phone: 4919

LOGOS CENTRE

KOTTAYAM.

പ്രദർശന ഇനങ്ങൾ

1 ഭാരത കലകം
2 മനുഷ്യോത്പത്തി
3 കിഴക്കുദിച്ച നക്ഷത്രം
4 മരണത്തിൽനിന്നും ജീവനിലേയ്ക്ക്
5 പുതിയ ചരിത്രാരംഭം
6 തോമ്മാശ്ലീഹാ ഭാരതത്തിൽ
7 സംഘകാല തമിഴകം
8 വിശ്വമതങ്ങളുടെ സംഗമഭൂമി
9 പ്രാചീന ദൈവാലയം
10 നാലുകെട്ടും പടിപ്പുരയും
11 മലയാള സാഹിത്യവും ക്രൈസ്തവരും
12 ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ
13 ലൈറ്റ് & സൗണ്ട്
14 വിവിധ സഭകളുടെ തിരുവസ്ത്രങ്ങൾ
15 തിരുസന്നിധിയിൽ
16 മിഷനറിമാർ ഭാരതത്തിൽ
17 ഉദയമ്പേരൂരും—കൂനൻ കുരിശും—'ആഗോൺഹെറുസ': സ്വാതന്ത്ര്യസമരം
18 പൂവണിഞ്ഞ പുനരൈക്യം
19 മിഷൻ ഗ്രാമങ്ങൾ
20 ചാവറയച്ചനും അൽഫോൻസാമ്മയും
21 സന്യാസ സമൂഹങ്ങളിലൂടെ
22 പൗരസ്ത്യ വിദ്യാപീഠം നൂറാണ്ടുകളുടെ സ്വപ്നം
23 കുടുംബം വളരുന്നു
24 വെളിച്ചം വിതറുന്ന ശാലകൾ
25 സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ
26 യോഗാസനങ്ങൾ
27 സാമൂഹ്യ സേവന മേഖലകൾ
28 ആദിവാസികളുടെ ജീവിതശൈലി
29 സംഗീതോപകരണങ്ങൾ
30 വേരുകളിൽ വിരിയുന്ന കവിതകൾ
31 പെയിന്റിംഗ്
32 കൈരളിയുടെ കരകൗശല വസ്തുക്കൾ
33 പുരാതനവസ്തു ശേഖരങ്ങൾ
34 പുരാതന കൈയെഴുത്തു രേഖകൾ
35 ബൈബിൾ നാട്
36 മൈക്രോ ലൈബ്രറി
37 സ്റ്റാമ്പുകളുടെ ലോകം
38 കലാപരിപാടികൾ
39 സംസ്ക്കാരിക ചലച്ചിത്രങ്ങൾ
40 ഭാരത സഭയുടെ മുഖമുദ്ര—മാർത്തോമ്മാ കുരിശ്

Books, fees, hostel, clothes, travel...

When your child is ready for college, will **you** be ready ?

When your child is a toddler, his college education seems so far away.

But the years have a way of catching up with you.

As do expenses. Seeing a child through college can unsettle your finances seriously, unless you plan now.

Easyfees - a plan no other bank offers

Depending on your child's age the younger he or she is, the easier the savings- save a small monthly amount (as small as Rs.55) for a few years (anything from 5 to 10 years) with Catholic Syrian. Alternatively you can make a single lumpsum payment

When your child leaves school, the bank begins paying you. A lumpsum of Rs. 1000 towards entrance fees to the Plus Two/ Pre-Degree course and Rs. 200 per month thereafter.

Opt for graduation or a professional course.

Here again, Catholic Syrian gives you a generous entrance fee (anything from Rs. 1500 to Rs. 3000) and Rs. 200 a month thereafter, right through either course.

And there is still some left over! A balance is kept back in your savings account to be paid to you at the end of his education: a little pocket money to see him through till he gets his first salary.

As you can see. Catholic Syrian has thought it all out for you.

Start saving for Easyfees today ...so you save yourself a rude shock later.

Ask your nearest branch for details

Check your telephone directory- there are branches all over Tamil Nadu and in Karnataka and Andhra Pradesh, besides nearly 200 in Kerala.

Easyfees from **Catholic Syrian Bank**

The Catholic Syrian Bank Limited

H. O. St. Mary's College Road, P. B. No. 502

Trichur-680 020

Printed at Manu Printers Arpookara, Kottayam - 8